# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2696 12.10.2011 – ൽ മറുപടിയ്ക്ക്**

## സഹകരണമേഖലയിലെ ഒരു വർഷത്തെ കർമ്മപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. ഷാഫി പറമ്പിൽ: | ശ്രീ. സി. എൻ.ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| | ഒരു വർഷത്തേക്കുള്ള കർമ്മ പദ്ധതിയിൽ സഹകരണ വകുപ്പ് എന്തെല്ലാം കർമ്മ പരിപാടികളാണ് നടപ്പാക്കാൻ ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | | സർക്കാരിന്റെ ഒരു വർഷത്തേക്കുള്ള കർമ്മ പദ്ധതിയിൽ സഹകരണ വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കർമ്മ പരിപാടികൾ താഴെ പറയുന്നവയാണ്: |
| | | 1. | 200 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘം / ബാങ്കുകൾക്ക് സർക്കാർ ഓഹരി മൂലധനം നൽകും |
| | | 2 | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ / ബാങ്കുകൾ മുഖേന 2500 കോടി രൂപ കാർഷിക വായ്പയായി നൽകും |
| | | 3. | കാർഷിക വായ്പ കൃത്യമായി തിരിച്ചടക്കുന്ന കുറഞ്ഞത് 25000 കർഷകർക്ക് പലിശയിൽ കിഴിവ് /സബ്സിഡി നൽകും |
| | | 4. | നെൽകൃഷിക്ക് എടുത്തിട്ടുള്ള വായ്പയുടെ പലിശ പൂർണ്ണമായും സംഘങ്ങൾ റീഇംബേഴ്സ് ചെയ്ത് നൽകുകയും, അപ്രകാരം കുറഞ്ഞത് 30000 നെൽകർഷകർക്ക് 0% നിരക്കിൽ വായ്പ ലഭ്യമാക്കും |

| | | | |
|---|---|---|---|
| | | 5. | കർഷകർക്ക് കൃത്യ സമയത്ത് വിത്തും വളവും ലഭ്യമാക്കുന്നതിനായി 50 ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ തുറക്കും |
| | | 6. | എൻ.സി.ഡി.സി. ധനസഹായത്തോടെ ഗ്രാമപ്രദേശങ്ങളിൽ 20 ഗോഡൗൺ നിർമ്മിക്കും |
| | | 7. | നിലവിലുള്ള 5 പ്രോസസിംഗ് യൂണിറ്റുകളിൽ ആധുനിക മെഷീനറികൾ സ്ഥാപിച്ചുകൊണ്ട് കാർഷിക സംസ്കരണ മേഖല ശക്തിപ്പെടുത്തും |
| | | 8. | സംസ്ഥാനപദ്ധതി/എൻസി.ഡി.സി/മറ്റ് കമ്മോഡിറ്റി ബോർഡുകൾ എന്നിവയുടെ ധനസഹായത്തോടെ 10 കൊപ്ര/നെല്ല് സംസ്കരണ യൂണിറ്റുകൾ ആരംഭിക്കും. |
| | | 9. | കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന ഉത്പാദന മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 50 ദീർഘകാല സംരംഭക ലോൺ നൽകും. |
| | | 10. | മൂലധനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 10 ആരോഗ്യ സംരക്ഷണ /ആശുപത്രി സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകും |
| | | 11. | 10 ആശുപത്രി സഹകരണ സംഘങ്ങളിൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും, അധികമായി 100 കിടക്കകൾ കൂട്ടതലായി വർദ്ധിപ്പിക്കുന്നതിനും, 5 പുതിയ ഡിപ്പാർട്ടുമെന്റുകൾ ആരംഭിക്കുന്നതിനും ധനസഹായം നൽകും. |
| | | 12. | ടൂറിസ്റ്റ് ഇൻഫർമേഷൻ സെൻറർ ആരംഭിക്കുന്നതിനും പുതിയ ഗസ്റ്റ് ഹൗസുകൾ /റിസോർട്ടുകൾ എന്നിവ നിർമ്മിക്കുന്നതിനും വാഹനങ്ങൾ വാങ്ങുന്നതിനും ഇതിലൂടെ 50 പുതിയ തൊഴിൽ അവസരങ്ങൾ ഒരുക്കുന്നതിനുമായി 5 സഹകരണ |

| | | | |
|---|---|---|---|
| | | | സംഘങ്ങൾക്ക് ധനസഹായം നൽകും |
| | | 13. | വിദ്യാഭ്യാസമേഖലയിൽ 2 പുതിയ സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കും |
| | | 14. | സഹകരണ വിദ്യാഭ്യാസ മേഖലയിൽ അഞ്ച് പുതിയ കോഴ്സുകൾ ആരംഭിക്കും. |
| | | 15. | പൊതു വിപണിയിലെ വിലനിലവാരം നിയന്ത്രിക്കുന്നതിനും ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നതിനുമായി 50 പുതിയ ത്രിവേണി സ്റ്റോറുകൾ, 20 സഞ്ചരിക്കുന്ന ത്രിവേണി സൂപ്പർമാർക്കറ്റുകൾ, 5 ഒഴുകുന്ന ത്രിവേണി സൂപ്പർ സ്റ്റോർ, 25 നീതി മെഡിക്കൽ സ്റ്റോർ, 4 നീതി മെഡിക്കൽ വെയർഹൗസുകൾ, എന്നിവ ആരംഭിക്കും. |
| | | 16. | 'നന്മ' പദ്ധതിയിൻ കീഴിൽ 10 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ വില്പന നടത്തുന്നതിനായി 2000 വില്പന കേന്ദ്രങ്ങളും, 20 കൺസ്യൂമർ യൂണിറ്റുകളും, 5000 ഉത്സവകാല ചന്തകളും ആരംഭിക്കും. |
| | | 17. | കേപ്പ്-ന്റെ നിയന്ത്രണത്തിൽ കൊല്ലം ജില്ലയിലെ പത്തനാപുരത്ത് പുതിയ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കും. |
| | | 18. | കേപ്പ്-ന്റെ നിയന്ത്രണത്തിലുള്ള പെരുമൺ എഞ്ചിനീയറിംഗ് കോളേജിൽ വിവര സാങ്കേതിക വിദ്യയിൽ എം.ടെക്ക് ബാച്ചും, മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ബി.ടെക്ക് ബാച്ചും ആരംഭിക്കും. |
| | | 19. | പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായി ഇവയുടെ പ്രവർത്തനം സംബന്ധിച്ച് പഠിക്കാൻ വിദഗ്ധ സമിതിയെ നിയമിക്കും. |

| | | | |
|---|---|---|---|
| | | 20. | 50 പട്ടിക ജാതി / പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളെയും 50 വനിതാ സഹകരണ സംഘങ്ങളെയും പുനരുദ്ധരിക്കും |
| | | 21. | സംസ്ഥാന പദ്ധതി / എൻ.സി.ഡി.സി പദ്ധതി പ്രകാരം 20 എസ്.സി / എസ്.റ്റി സംഘങ്ങൾക്കും 20 വനിതാ സഹകരണ സംഘങ്ങൾക്കും ധനസഹായം നൽകും. |
| | | 22. | സംസ്ഥാന പദ്ധതി / എൻ.സി.ഡി.സി പദ്ധതി പ്രകാരമുള്ള ധനസഹായത്തോടെ സംസ്ഥാനത്തെ നെല്ല് സംസ്കരണ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കും |
| | | 23. | കേരള സംസ്ഥാന പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ കീഴിലുള്ള 'ആയുർധാര' ആയുർവേദ മരുന്നുനിർമ്മാണ യൂണിറ്റ് എൻ.സി.ഡി.സി പദ്ധതി പ്രകാരം പുനരുദ്ധരിക്കും. |
| | | 24. | സംസ്ഥാനത്ത് സഹകരണ മേഖലയുടെ വളർച്ചക്കനുസൃതമായി സഹകരണവകുപ്പ് പുനസംഘടിപ്പിക്കും. |
| | | 25. | സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ 15000 ആഡിറ്റ് ഈ ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കും. |
| | | 26. | കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ 2 ശീതീകരിച്ച ഗോഡൗണുകൾ ആരംഭിക്കും. |
| | | 27. | കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ ഇടുക്കി ആസ്ഥാനമായി റീട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ